**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആറാട്ടുപുഴ സമൃദ്ധി കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന, പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമ പഞ്ചായത്തിലെ ആറാട്ടുപുഴ സമൃദ്ധി കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 25.03.2017-ൽ ഭരണാനുമതി ലഭിച്ചു എങ്കിലും, പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ കെട്ടിടം രൂപകൽപ്പന ചെയ്തതു മൂലം സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ പഞ്ചായത്തിലെ ആറാട്ടുപുഴ സമൃദ്ധികേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 25.03.2017 ൽ ഭരണാനുമതി നൽകിയെങ്കിലും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയ 3.50 കോടി രൂപയുടെ എസ്റ്റിമേറ്റിന്മേൽ വല്ലച്ചിറ പഞ്ചായത്തിൽ ബിൽഡിംഗ് പെർമിഷന് സമർപ്പിച്ചപ്പോൾ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് (KPBR) ടേബിൾ 10 പ്രകാരം പാർക്കിംഗ് ഏരിയ കാൽക്കുലേഷൻ വ്യക്തമാക്കാത്തതുകൊണ്ട് പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് അംഗികരിച്ചില്ല . |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (ബി) | നെയ്ത്തുകാരുടെ ലഭ്യതക്കുറവ്, സ്ഥലപരിമിതി തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസം നേരിട്ടതിനാൽ വലിയ തുക ഉപയോഗിച്ച് സമൃദ്ധികേന്ദ്രം നിർമ്മിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനമായിരുന്നു. തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിക്കും, ജില്ലാ കളക്ടർക്കും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി സമൃദ്ധികേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് താഴത്തെ നിലയിൽ ഡൈനിംഗ് ഉൾപ്പെടെ രണ്ട് നിലകളുള്ള ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസി.എക്സി. എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ